കായംകുളം-പത്തനംതിട്ട കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ്

186 (783) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തുനിന്നും പത്തനംതിട്ടയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായംകുളം-ചാരുംമൂട്-പടനിലം-പന്തളം-പത്തനംതിട്ട റൂട്ടിൽ കെ. എസ്. ആർ. ടി. സി. വേണാട് ലിമിറ്റഡ് സ്റ്റോപ് ചെയിൻ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും എന്നുമുതൽ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ബസുകൾ മാത്രം സർവ്വീസ് നടത്തുന്ന റൂട്ടാണിത്. ഒറ്റപ്പെട്ട സർവ്വീസുകൾ ആരംഭിച്ചാൽ ആയത് കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായി നടത്തുവാൻ കഴിയുകയില്ല. ചെയിൻ സർവ്വീസുകൾ ആരംഭിച്ചാൽ ലാഭകരമായി നടത്തുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചിട്ടില്ല. ബസിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

പുതിയ ബസ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

187 (784) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആറ്റിങ്ങൽ ഡിപ്പോയിലേക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ ;

(സി) പുതിയ ബസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പോയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 40 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഷെഡ്യൂളുകൾ നടത്തുന്നതിന് 9 സ്പെയർ ബസുൾപ്പെടെ മതിയായ ബസ്സുകൾ ആറ്റിങ്ങിൽ ഡിപ്പോയിലുണ്ട്. ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്ന മുറയ്ക്ക് പുതിയ ബസുകൾ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly